# WAYANAD AGRICULTURAL AND RURAL DEVELOPMENT ASSOCIATION

(A Coalition of farmers, farmers' groups, conservationists, environmentalists and NGOs)

## Who we are?

Wayanad Agricultural and Rural Development Association (WARDA) is a coalition of farmers, farmers' groups with their associate NGOs, partners from Agricultural Research Stations, Government Departments, NGOs, Political Parties, Nationalized Banks and the Marketing sector. WARDA came into existence in Kalpetta under the auspice of Community Agrobiodiversity Centre (CAbC) of M S Swaminathan Research Foundation on October 8, 2001. The purpose of this institution is to function as a coordinating agency to bring together various issues and problems of sustainable agricultural development in Wayanad district. It is also to be functioned as a "Lobby Group" influential at political, community, and institutional levels by involving appropriate stakeholders for the development of Agriculture of the district.

## Why this Association?



Wayanad is perhaps the single richest agrobiodiversity centres of Kerala state with a history of both traditional and plantation agriculture. A notable feature of plantation sector is the Coffee based farming system where other cash crops like pepper, ginger, cardamom, and vanilla are integrated. Coffee in the district occupies about 1,10,000 ha of the total cropped area (nearly 58%) and about 80% of the total coffee grown area in Kerala. The district contributes significantly to the foreign trade of many cash crops of the Country and the rich endowment of its agro-climatic conditions and biotic- wealth add value and advantage to the country's agricultural and biotic products. Almost 90% of the people depend on plantation sector for their livelihood in the district. However, the average size of land holdings is estimated as only 0.68ha. Records of the year 2001-2002 show Pepper is cultivated in an area of 40,200 ha with production of 18,200 MT. Paddy field once formed a major area for cultivation has now reduced considerably from an area of 21770 ha in 1990 to 8725 ha during 2000. This agro ecosystem is under increasing threat in the form of habitat loss, land reclamations, and other alternate unsustainable land uses. This district has the highest availability of medicinal plant species (ca.650) in the State and contributes significantly to collection of it's Non Timber Forest Produces. But unfortunately, as a paradox this is the place where some 120 farmers committed suicide since January 9 of the year 2004.

## How to convert the agricultural potentials of the district into prosperity ?

Wayanad district has got tremendous advantages among the other districts of Kerala to emerge as a leading agro-producer and exporter, particularly in case of fruits, vegetables, spices, beverages and medicinal & aromatic plants. One of the major source centres of medicinal raw drugs in the state is Wayanad district. There is a substantial scope for developing Wayanad along with its contiguous areas of Malappuram, as a potential supplier of such commodities in the world herbal market. The farming sector should capture this strength to provide remunerative returns to the farming community in terms of fiscal incentives, financial package, socio-economic benefits, legal benefits and also help in increasing their competitiveness. However, concerted efforts together with high political will is required for sustainable utilization of the market potentials of crops and species of the district and its trade security. It is high time Wayanad district to qualify for



the designation of Agri Export Zone (AEZ) for Fruits & Vegetables from the state, as it stands atop in the production of fruits like Banana, Jack, Mango and vegetables like Bitter gourd and Green Ginger. Wayanadan pepper is readily marketable commodity in the foriegn market. In Kerala, *Wayanadan Pepper* is most important, because of its property, size and dry weight strikingly different from that produced in other areas of the state. The humid tropical forest environment and the optimum altitude of 700-900m of the district is ideal for luxuriant growth of this species which has contributed to this geographical significance of the cultivated pepper. Cultivated *Piper nigrum* and species like *P. galeatum. P. sugandhi* and *P. wightii* co-exist in many localities in Wayanad, which also may have contributed to its special properties. Along with improved varieties like Panniyur 1, 2, 3, & 4, the traditional cultivars such as *Wayanadan, Karimunda, Kalluvalli, Kuthiravally, Kottanadan* and *Iyimpiriayan* of pepper are also rarely cultivated in the district. *Wayanadan Ginger* and *Wayanadan Nendran* (Banana variety) earned high appreciation and admiration in the market in India and in Gulf countries. Wayanad produces largest quantities of these two crops in the State. Species diversity and varietal diversity of these two are very high here as evidenced by the presence of its many Farmers' varieties like *Wayanad local*, *Mananthody* and *Maran* as in Ginger in the district.

## What WARDA has done so far?

WARDA spearheaded a series of plenary meetings in the district that resulted in three widely distributed reports highlighting a number of critical issues of agricultural development of the district (WARDA/ MSSRF/ CAbC 2002, 2003 & 2004). There were 12 major recommendations in the Report of 2002 that made some impacts in providing new ideas and strategies at various levels of agricultural and rural development of the district. The foremost recommendation was adoption of Ecologically Sustainable Farming Methods as the district's geographical and biotic environment is very conducive for such soil and crop management approach and practices. It advocated for promotion of organic cultivation through an integrated approach by focusing on education and awareness on natural resource management and conservation of biodiversity in agricultural landscapes. It also suggested a genetic and quality literacy movement (on the importance and value of genetic diversity and the food safety) in every grama panchayath of the district. The report in 2003 has given high attention on the need of declaring the district as an Agri- Export Zone for spices, coffee and medicinal plants looking into the aspects like its potentials in production, processing and storage of such crops. The 2004 report gives several guide lines for setting up agri-based micro enterprises in the district.



### *Coalition Partners:*

**NGOs** (MSSRF, RASTA, VOICE, WSSS, Vana Moolika, VASuDA and Santhi Trust);
**Farmers' Societies** (INFAM, BDS and WCGA); **Banks** (NABARD, SBT, Canara Bank and SMGB);
**GOs** (RARS Ambalavayal, State Agricultural Department, Tribal Department and Forest Department);
**Others:** State Kudumba Sree Mission, Coffee Research Station - Chundale, Dist. Marketing Society.

### *For further information:*

**K. V. Divakaran**, Secretary - WARDA, Chithra, Anoth, Pozhuthana P.O.- 673 575; Ph: 04936 - 25 5206
**M. P. Sanath Kumar**, Chairman - WARDA, Yeskay Corporation, Kalpetta, 673 121; Ph: 04936 - 20 2425

WARDA
C/o **M S SWAMINATHAN RESEARCH FOUNDATION**
Puthoorvayal P.O., Kalpetta, Wayanad 673 121
Phone: 04936 - 25 5206, 20 2425 (warda); E-mail: cabcmssrf@eth.net

design: rafeeqpkvl

### *About the Logo*

The logo depicts a paddy grain - the "grain of life" protected by nine squares. The squares denote the "nine square mandala"- a symbolism of rural home and a heuristic tool used in the study of livelihood systems. Starting from the base, SQ1 (*physical basis*); SQ2 (*knowledge and activity basis*); SQ3 (*emotional basis*); SQ4 (*socio-economic space*); SQ5 (*family space*); SQ6 (*inner human space*); SQ7 (*collective orientation*); SQ8 (*family orientation*) and SQ9 (*individual orientation*) each square represents different aspects of the rural livelihood system.

Date of publication: 01-01-2005; Published by: The Secretary - WARDA

WARDA
Reg. No.: 102/04

# വയനാട് കാർഷിക/ഗ്രാമ വികസന സമിതി

## Wayanad Agricultural And Rural Development Association

(കർഷകരുടെയും പരിസ്ഥിതി സംരക്ഷകരുടെയും സന്നദ്ധ സംഘടനകളുടെയും ഒരു കൂട്ടായ്മ)





C/o
**എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ**
**സാമൂഹിക കാർഷിക ജൈവവൈവിധ്യ കേന്ദ്രം**
പുത്തൂർവയൽ പി. ഓ., കൽപ്പറ്റ, വയനാട്- 673 121
Phone: 04936 - 25 5206, 20 2425 (warda)
Email: cabcmssrf@eth.net

## ആദിവാസികളുടെ 'ബൈലുനാട്' എന്ന വയനാട്



വയനാടിന്റെ ആദ്യകാല പ്രധാന കൃഷി വയലുകളിൽ നെല്ലും, കര പ്രദേശങ്ങളിൽ മുത്താറിയുമായിരുന്നു. ഇത്തരം കൃഷികളിൽ പണിക്കാരായി ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെട്ടവർ പണിയ സമുദായക്കാരായിരുന്നു. (വയനാടിന്റെ തെക്ക് കിഴക്കൻ പ്രദേശങ്ങളിൽ എള്ളും കൃഷി ചെയ്തിരുന്നു). അക്കാലത്ത് ഭക്ഷ്യ സ്വയം പര്യാപ്തതക്കായി നെൽകൃഷിയെ ആശ്രയിച്ചിരുന്നതിനാലും വയലുകളെ വ്യാപകമായി സംരക്ഷിച്ചിരുന്നതിനാലും ഈ പ്രദേശത്തെ ആകമാനം ബൈലുനാട് എന്നു വിളിച്ചിരുന്നു. ബൈലുനാട് എന്നാൽ വയലുകളുടെ നാട് എന്നാണർത്ഥം. ഇത് പിന്നീട് വയൽനാട് എന്നും വയൽനാട് ലോപിച്ച് വയനാട് ആയിത്തീരുകയും ചെയ്തു എന്നും കരുതുന്നു. കുറിച്ച്യർ, പണിയർ, കുറുമർ, കാട്ടു നായ്ക്കർ, അടിയർ തുടങ്ങിവർ ഈ പ്രദേശത്ത് വളരെ പണ്ട് മുതൽക്കെ വസിച്ച് വരുന്ന ആദിവാസി വിഭാഗക്കാരാണ്. സ്വന്തമായി കൃഷി ചെയ്തു ജീവിച്ച് വന്നവരാണ് കുറിച്ച്യരും, കുറുമരും. പണിയർ, അടിയർ തുടങ്ങിയവർ ആദ്യകാലങ്ങളിൽ കുറിച്ച്യ- കുറുമ സമുദായങ്ങളുടെ കൃഷി പണിക്കാരായും, പിന്നീട് കുടിയേറ്റ ജന്മിമാരുടെ പണിക്കാരായും വർത്തിച്ചു. വയനാടിന്റെ കാർഷിക വ്യവസ്ഥയെ താങ്ങി നിർത്തുന്നതിൽ ഈ വിഭാഗക്കാർ വളരെയേറെ പങ്ക് വഹിച്ചിരുന്നു.



കൃഷിയിടങ്ങളിൽ കഠിനമായി പണിയെടുക്കുന്നവരായിരുന്നു പണിയർ. ഏകദേശം 2,126 ച.കി. മീറ്റർ (കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 5.49%) വിസ്തീർണ്ണമുള്ള വയനാട്ടിൽ 2001-ലെ സെൻസസ്സ് റിപ്പോർട്ട് പ്രകാരം 7,80,167 ജനങ്ങൾ തിങ്ങി പാർക്കുന്നു. ഇതിൽ 17% ത്തോളം ഇവിടുത്തെ തനത് നിവാസികളാണ് (ആദിവാസികളാണ്). ജന സംഖ്യയുടെ 90% ത്തിലേറെയും കാർഷിക വൃത്തിയോ അനുബന്ധ ജോലികളോ ഉപജീവന മാർഗ്ഗമാക്കിയവരാണ്. കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കി യാതൊരു തരത്തിലുള്ള വ്യവസായങ്ങളും ഇല്ലാത്ത നാടുകൂടിയാണ് വയനാട്.

ലോകത്തിലെ തന്നെ പ്രധാനപ്പെട്ട ജൈവ സമ്പന്ന മേഖലകളിൽ ഒന്നായി കണക്കാക്കാവുന്ന ഒരു പ്രദേശമാണ് വയനാട് ഉൾപ്പെട്ട ഇന്ത്യയിലെ പശ്ചിമഘട്ട പർവ്വത നിരകൾ. ഇങ്ങനെ ജൈവ സമ്പുഷ്ടമായതും എന്നാൽ അതിവേഗം നശിച്ചു കൊണ്ടിരിക്കുന്നതുമായ പശ്ചിമഘട്ട പർവ്വത നിരകളിൽ ഉൾപ്പെട്ട ഏകദേശം 29 പ്രദേശങ്ങളെ പരിസ്ഥിതി വിദഗ്ധർ എടുത്ത് പറഞ്ഞിട്ടുണ്ട്. ഇതിൽ കേരളത്തിൽ നിന്നും കണ്ടെത്തിയിരിക്കുന്ന പ്രധാന മേഖലകളിലൊന്നാണ് നീലഗിരി- വയനാട്- സൈലന്റ് വാലി പ്രദേശം. ഇതിൽ തന്നെ ഏറ്റവും കൂടുതൽ നാശത്തിന് വിധേയമായ മലയോര മേഖലയായി വയനാടിനെ കണക്കാക്കിയിരിക്കുന്നു. ഇവിടുത്തെ ജൈവ വൈവിധ്യ ശോഷണത്തിന് പ്രധാന കാരണമായി ചൂണ്ടികാണിക്കുന്നത് നാളിതുവരെ പിന്തുടർന്ന കടും കൃഷി രീതികളാണ്.

## വയനാടിന്റെ ഇന്നത്തെ കാർഷിക സ്ഥിതി എങ്ങനെ?

### *അശാസ്ത്രീയ കൃഷിരീതികൾ*

ജില്ലയിൽ ഭൂരിപക്ഷം പേരും ഇന്നനുവർത്തിച്ചു വരുന്ന കൃഷി ജൈവ വൈവിധ്യ സംരക്ഷണമൊ, ജലം, മണ്ണ്, അന്തരീക്ഷം എന്നിവയുടെ സുസ്ഥിരമായ ഉപയോഗമൊ ഉറപ്പ് വരുത്താത്തതാണ്. ഇതിനൊരപവാദം പാരമ്പര്യ കൃഷി അനുവർത്തിക്കുന്ന ആദിവാസി, പിന്നോക്ക സമൂഹങ്ങളിലെ കൃഷിക്കാരും കൃഷിയെ സ്നേഹിക്കുന്ന മറ്റ് ഗ്രാമ സമൂഹങ്ങളിലെ ചുരുക്കം ചില കുടുംബങ്ങളുമാണ്. വയനാടിന്റെ കൃഷി പ്രധാനമായും മലഞ്ചെരുവിനേയും, വയലിനേയും ആശ്രയിച്ചാണ്. മലഞ്ചെരുവികളിൽ പ്രധാനം കാപ്പികൃഷിയും, തേയിലയും, ഏലവും, ഇഞ്ചിയും, പിന്നെ ഇടവിളയായി കാപ്പി/ തേയില തോട്ടങ്ങളിൽ കുരുമുളകും. ഈ വിളകളെല്ലാം തന്നെ ഉല്പാദനക്ഷമതയിൽ തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പിന്നിൽ നിൽക്കുന്നു. മണ്ണ് സംരക്ഷണം തീരെ ഉറപ്പാക്കാത്തതാണ് മലനിരകളിലെ കൃഷി, വിശേഷിച്ചും ഇഞ്ചിക്കൃഷി. കൂടുതൽ പേരും ഈ കൃഷി ചെയ്യുന്നത് ചരുവിന് സമാനമായിട്ടാണ്. ഇത് മണ്ണൊലിപ്പ് കൂടുവാൻ കാരണമാകുന്നു. മഴവെള്ളം ശരിയായ രീതിയിൽ സംരക്ഷിക്കുവാനുള്ള മാർഗ്ഗങ്ങൾ ഈയടുത്തു മാത്രമാണ് അവലംബിച്ച് തുടങ്ങിയിരിക്കുന്നത്. മാത്രവുമല്ല, പ്രകൃത്യായുള്ള മഴവെള്ള സംരക്ഷണ മാർഗ്ഗങ്ങളായ കൊല്ലിയും, വയലും മറ്റ് ചതുപ്പ് പ്രദേശങ്ങളും നികത്തുകയൊ, മാറ്റം വരുത്തുകയൊ ചെയ്തിരിക്കുന്നു.



കൂടാതെ രോഗങ്ങളും കീടബാധയും അപ്രതീക്ഷിതമായ കാലാവസ്ഥാമാറ്റവും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നു. കാർഷിക വിളകളിലെ രോഗത്തിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത് അമിതമായ രാസവള ഉപയോഗങ്ങളും, അശാസ്ത്രീയമായ കീടനാശിനി/ കളനാശിനി പ്രയോഗങ്ങളുമാണ്. കർഷകർ മാത്രമല്ല ഇതിന് കുറ്റക്കാർ. കൃഷി ശാസ്ത്രജ്ഞൻമാരും, കൃഷി വകുപ്പും, അടങ്ങിയ മറ്റ് പലരും കൂടി ഇതിന് ഉത്തരവാദികളാണ്.

### *വിളവൈവിധ്യ ശോഷണം*



പുതിയ വിത്തിനങ്ങളുടെ തള്ളിക്കയറ്റം പഴയ പല നല്ല വിത്തിനങ്ങളും ഇവിടെ നിന്നും ഇല്ലാതാകുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ജില്ലയിൽ പണ്ടുണ്ടായിരുന്ന 12-ഓളം കുരുമുളക് ഇനങ്ങളിൽ ഇപ്പോൾ അവശേഷിച്ചിരിക്കുന്നത് 3-4 എണ്ണം മാത്രമാണ്. ഇത് തന്നെ കൃഷി ചെയ്യപ്പെടുന്നത് വളരെ ചുരുക്കം കൃഷിയിടങ്ങളിലും. 75-ൽ പരം നാടൻ നെൽവിത്തിനങ്ങൾ, കൂടാതെ വിവിധതരം ഇഞ്ചി, കമുക് ഇനങ്ങളും വ്യാപകമായ കൃഷിയിൽ നിന്നും തീർത്തും തുടച്ച് നീക്കപ്പെട്ടിരിക്കുന്നു. വിളവ് കൂടുതലുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതുമായ അവശേഷിച്ചിരിക്കുന്ന നാടൻ ഇനങ്ങൾ ഏതു വിധേനെയും സംരക്ഷിച്ച് നിലനിർത്തേണ്ടത് സുസ്ഥിരമായ കൃഷി പ്രചരിപ്പിക്കുന്നതിനും വിജയിപ്പിക്കുന്നതിനും അത്യാവശ്യമാണ്.

ഇത്തരം പ്രതിസന്ധികൾ ഏറ്റവും കൂടുതൽ ഗ്രസിച്ചിരിക്കുന്നത് കാപ്പി, കുരുമുളക്, ഇഞ്ചി, കമുക്, നെല്ല് എന്നിവ കൃഷി ചെയ്യുന്ന കർഷകരെയാണ്. ഇവിടുത്തെ മണ്ണിന്റെ മഹിമയൊ, കാലാവസ്ഥയുടെയും പ്രകൃതിയുടേയും അനുഗ്രഹമൊ കണ്ടറിയാതെ ഭൂരിപക്ഷം വരുന്ന കർഷകരും കൃഷിചെയ്തു വരുന്നു. ഈ ഒരു പശ്ചാത്തലം നിലനില്ക്കുമ്പോൾ തന്നെയാണ്, ആഗോള വൽക്കരണത്തിന്റേയും അതിനെ തുടർന്ന് ലോക വ്യാപാരത്തിലുണ്ടായ മാറ്റങ്ങളുടേയും പരിണിത ഫലമായി കർഷകന്റെ എല്ലാ പ്രതീക്ഷകളും തകിടം മറിച്ചുകൊണ്ട് കാർഷിക വിഭവങ്ങളുടെ ഇന്നത്തെ വിലതകർച്ച. ലോകവിപണിയിൽ നല്ല ഡിമാന്റുള്ള കാപ്പിയും, കുരുമുളകും, ഇഞ്ചിയും, ഏലവും ഉല്പാദിപ്പിക്കുന്ന വയനാടൻ കർഷകരേയാണ് ഇത് ഏറ്റവും കൂടുതൽ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്.



അപ്രത്യക്ഷമാകുന്ന നാടൻ പയറിനങ്ങൾ

## എന്തിന് വയനാട് കാർഷിക/ ഗ്രാമ വികസന സമിതി?

കർഷകർ നേരിടുന്ന പ്രശ്നങ്ങൾ കൃഷിയിലൂടെ തന്നെ പരിഹരിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ സമിതി നിലവിൽ വന്നത്. കൃഷിക്കാരന്റെ പ്രശ്നങ്ങൾ ശാസ്ത്ര സാങ്കേതിക വിദഗ്ധരുടെ പങ്കാളിത്തത്തോടെ പഠിക്കുകയും ബന്ധപ്പെട്ട രാഷ്ട്രീയ, ഭരണ സമൂഹത്തെ നേരിട്ട് അറിയിക്കുകയും കാർഷിക വിപണനത്തിൽ അവർ നേരിട്ട് പങ്കാളികളാവുകയും ചെയ്യുമ്പോൾ ഇന്ന ത്തെ കാർഷിക പ്രതിസന്ധികൾ ഒരു പരിധി വരെ തരണം ചെയ്യാമെന്ന് ഈ സമിതി വിശ്വസിക്കുന്നു. ഇതിനായി കർഷകരെ പ്രാപ്തരാക്കുകയും കൃഷി സാമ്പത്തികമായും, സാമൂഹികമായും, പാരിസ്ഥിതികപരമായും ലാഭകരമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ രൂപം കൊടുത്ത സ്ഥാപനമാണ് വയനാട് സുസ്ഥിര കാർഷിക/ ഗ്രാമ വികസനസമിതി അഥവാ 'വാർധ'. കർഷകർ, കാർഷിക വിദഗ്ധർ, സന്നദ്ധപ്രവർത്തകർ, കാർഷിക/ ഗ്രാമവികസന ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ടതാണ് ഈ സമിതി.



അപ്രത്യക്ഷമാകുന്ന വയനാടൻ മഞ്ഞൾ

## എന്താണ് ഈ സമിതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ?

1. കൃഷിയിടങ്ങളിൽ നിന്നും ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും കാർഷിക ഗ്രാമവികസന സംബന്ധിയായ വിഷയങ്ങളെ അധികരിച്ച് വിജ്ഞാനം സമ്പാദിക്കുക, അത് ജനങ്ങളിലേക്ക് വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി കർമ്മ മണ്ഡലങ്ങൾ, പ്രവർത്തന രീതികൾ പ്രയോജനപ്രദമായ കൂട്ടായ്മകൾ എന്നിവ തെരഞ്ഞെടുക്കുകയും സ്വായത്തമാക്കുകയും ചെയ്യുക.
2. പ്രവർത്തനമേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം തുടങ്ങിയവക്കായി പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.
3. ജില്ലയുടെ കാർഷിക ഗ്രാമ വികസനപ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ടുകൾ, പഠന ഗവേഷണ പ്രവർത്തനങ്ങൾ, നിർവ്വഹണ നിർമ്മാണ പ്രവർത്തനങ്ങൾ അല്ലെങ്കിൽ അതുപോലെയുള്ള മറ്റു പദ്ധതികൾ എന്നിവ നേരിട്ടു സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. ഇതിനായി ആവശ്യമെങ്കിൽ പരിചയ സമ്പന്നവും വിശ്വാസ്യതയാർജ്ജിച്ചതുമായ സംഘടനകളുടെ സഹായവും സഹകരണവും ലഭ്യമാക്കുകയും ചെയ്യുക.
4. ഗ്രാമതല കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും അവരിലൂടെ ഗ്രാമ പ്രദേശങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും, തനതു വിപണനശൃഖലകൾ സൃഷ്ടിക്കുകയും നിലവിലുള്ള സംവിധാനങ്ങളുമായി കണ്ണി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുക.
5. അന്യം വന്നു കൊണ്ടിരിക്കുന്ന പരമ്പരാഗത കൃഷിരീതികൾ, ആരോഗ്യസംരക്ഷണ മാർഗങ്ങൾ ജലസംരണ മാർഗ്ഗങ്ങൾ തുടങ്ങിയ പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും ശാസ്ത്രസാധൂകരണം നടത്തി സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക.



## 2005 – 2006 വർഷങ്ങളിലെ കർമ്മപരിപാടികൾ

1. **ചെറുകിട കാർഷിക വ്യവസായ പ്രോത്സാഹനം**

   ജില്ലയുടെ കാർഷിക ഉന്നമനത്തിന് സഹായമാകുന്ന ഒന്നൊ രണ്ടോ ചെറുകിട വ്യവസായപദ്ധതികൾക്ക് നേതൃത്വം കൊടുക്കുക. ഇതിനായി കർഷക കൂട്ടായ്മ സംഘടിപ്പിക്കുക.

2. **സംയോജിത കൃഷിരീതി പ്രോത്സാഹനം**

   ആദിവാസി/പാരമ്പര്യ കർഷകരെ ഉൾപ്പെടുത്തികൊണ്ട് അവരുടെ കൃഷിയിടങ്ങളിൽ പാരമ്പര്യ കൃഷിരീതി പുന:രുജ്ജീവിപ്പിക്കുകയും സുരക്ഷിതമായ നൂതനശാസ്ത്രീയ മാർഗ്ഗങ്ങൾ സംയോജിപ്പിച്ചുള്ള ഒരു കാർഷിക കർമ്മ പദ്ധതി നടപ്പിൽ വരുത്തുക. അങ്ങനെ ഉയർന്നുവരുന്ന ആ പ്രദേശത്ത് കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കുക.

3. **കാർഷിക വിപണിയുടെ നേരിട്ടുള്ള പ്രോത്സാഹനം**

   ജില്ലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക ഭക്ഷ്യവിളകളുടെ പ്രദർശനവും വ്യാപാരവും കർഷകരെ നേരിട്ട് പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുക. ഇതോടനുബന്ധിച്ച് കർഷകർക്ക് വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രവൃത്തി പരിചയവും ഏർപ്പാടാക്കുക.

## ഇതുവരെ കൈവരിച്ച നേട്ടങ്ങൾ

- വയനാട് ജില്ലയിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളെ കുറിച്ചും പഠനം നടത്തി വിശദമായ നിർദ്ദേശങ്ങൾ 2002 ജനുവരിയിൽ കേരള സർക്കാരിൽ സമർപ്പിച്ചു.
- വയനാട്ടിലെ പഴം, പച്ചക്കറി, സുഗന്ധ വ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് കയറ്റുമതി സൗകര്യങ്ങൾ ഒരുക്കുവാനായി അഗ്രി എക്സ്പോർട്ട് സോൺ (AEZ) സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചുള്ള വിശദമായ പഠനം നടത്തി ഒരു സമഗ്ര രേഖ സർക്കാരിലേക്ക് 2003 ജൂണിൽ സമർപ്പിച്ചു.
- വയനാട്ടിൽ നടപ്പാക്കാവുന്ന സൂക്ഷ്മ വ്യവസായ സംരംഭങ്ങളെ കുറിച്ചു രാഷ്ട്രീയ സമ വികാസ് യോജന (RSVY) എന്ന പദ്ധതിയുടെ ഭാഗമായി ഒരു ദ്വിദിന ശിൽപശാല 2004 സെപ്തംബറിൽ സംഘടിപ്പിച്ചു.

### അംഗ സംഘടനകളും സ്ഥാപനങ്ങളും:

**NGOs** (MSSRF, RASTA, VOICE, WSSS, Vana Moolika, VASuDA and Santhi Trust);
**Farmers' Societies** (INFAM, BDS and WCGA); **Banks** (NABARD, SBT, Canara Bank and SMGB);
**GOs** (RARS Ambalavayal, State Agricultural Department, Tribal Department and Forest Department);
**Others**: State Kudumba Sree Mission, Coffee Research Station, Dist. Marketing Society.

### കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം:

**കെ.വി. ദിവാകരൻ**, സെക്രട്ടറി - വാർധ, ചിത്ര, ആനോത്ത്, പൊഴുതന പി.ഓ., വയനാട് - 673 575
ഫോൺ: 04936 - 25 5206

**എം.പി. സനത് കുമാർ**, ചെയർമാൻ - വാർധ, എസ്.കെ. കോർപറേഷൻ, കൽപറ്റ, വയനാട് - 673 121
ഫോൺ: 04936 - 20 2425